ശ്രീ. കെ. വി. രവീന്ദ്രൻ എന്ന വ്യക്തിയുടെ താറാവ് പക്ഷിപ്പനി ബാധയ്ക്ക് മുമ്പുതന്നെ ചത്തുവെന്ന് കൺട്രോൾ റൂമിലും വെറ്ററിനറി ഹോസ്പിറ്റലിലും റിപ്പോർട്ട് ചെയ്തിരുന്നുവെന്ന് പരാതിക്കാരൻ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും അവിടത്തെ വെറ്ററിനറി സർജനും എ.ഡി.സി.പി. ജില്ലാ കോ-ഓർഡിനേറ്ററും ഇത് നിരസിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇവർ നൽകിയ ഹർജി സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

തരിയോട് വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടി

137 (5487) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തരിയോട് വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി&സി) അപേക്ഷ പരിശോധിച്ചുവരുന്നു.

കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെയും ഇറച്ചിക്കോഴികളുടെയും ഭക്ഷ്യയോഗ്യത നിശ്ചയിക്കൽ

138 (5488) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കശാപ്പ് ശാലകളിൽ കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെയും ഇറച്ചിക്കോഴികളുടെയും ഭക്ഷ്യയോഗ്യത നിശ്ചയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ : ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ അറവുശാലകളുടെ നടത്തിപ്പിനുള്ള അധികാരം തദ്ദേശസ്വയംഭരണ വകുപ്പിനാണ്. അറവ് മൃഗങ്ങളെ അറവിനുമുമ്പും അതിനുശേഷവും ഒരു വെറ്ററിനറി ഡോക്ടർ പരിശോധിച്ച് അവ രോഗമുക്തമാണെന്നും ഭക്ഷ്യയോഗ്യമാണെന്നും സാക്ഷ്യപ്പെടുത്തണമെന്നാണ് വ്യവസ്ഥ.

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനുമുമ്പ് ഒരു വിദഗ്ധ മൃഗ ഡോക്ടർ പരിശോധിക്കുകയും തുടർന്ന് അവ ശാസ്ത്രീയമായ രീതിയിൽ കശാപ്പ് ചെയ്യുകയും ചെയ്യുന്നു. അതിനുശേഷം ഇറച്ചിയുടെ ഗുണനിലവാരവും ഭക്ഷ്യയോഗ്യതയും വിലയിരുത്താൻ വിദഗ്ധ പരിശോധനകൾ നടത്താറുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ

139 (5489) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ എത്ര വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) 13 വെറ്ററിനറി സർജന്മാരുടെ ഒഴിവുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly